DEPUTY SPEAKER



# C.A. KURIAN

Shri C.A. Kurian, veteran trade union leader and legislator, occupied the Chair of the Deputy Speaker in the tenth KLA. He was born as the son of Shri Abraham and Smt. Ponnamma at Puthuppally on December 25,1933. While studying, he secured a job in the State Bank of Travancore. Resigning this job, he started trade union activities in 1960. He was imprisoned for 27 months in different jails and was a detenue for 17 months in Viyyur jail during 1964-66.

Shri Kurian was first elected to the fifth Kerala Legislative Assembly in 1977 from Peermade Constituency under CPI ticket. He represented the same constituency in the sixth Kerala Legislative Assembly during 1980-82 and in the tenth Kerala Legislative Assembly during 1996-2001.

Shri C.A. Kurian was elected as the Deputy Speaker of the tenth KLA on July 17, 1996. He continued in the position till May 16, 2001.

Shri C. A. Kurian has made enormous contributions to trade union sector. Till recently, he was State President and All India Vice President of AITUC and was member of Tea Board. He is now member of All India Council of AITUC, State President of Plantation Workers Federation and President of Devikulam Estate Worker's Union. Shri C.A. Kurian is also member of CPI State Executive and CPI National Control Commission.

Smt. Thankamma was his wife and they have two sons and one daughter.

ഡെപ്യൂട്ടി
സ്പീക്കർ



# സി. എ. കുര്യൻ

മുതിർന്ന ട്രേഡ് യൂണിയൻ നേതാവും പാർല മെന്ററിയനുമായിരുന്ന ശ്രീ. സി. എ. കുര്യനാണ് പത്താം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീ ക്കർ പദം അലങ്കരിച്ചത്. 1933 ഡിസംബർ 25-ാം തീയതി പുതുപ്പള്ളിയിൽ ശ്രീ. എബ്രഹാമിന്റെയും ശ്രീമതി പൊന്നമ്മയുടെയും മകനായി ശ്രീ. സി. എ. കുര്യൻ ജനിച്ചു. ബിരുദപഠനത്തിനിട യിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലി കരസ്ഥമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1960-ൽ ബാങ്കുദ്യോഗം രാജിവച്ചശേഷം അദ്ദേഹം ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിവിധ ജയിലുകളിലായി 27 മാസം തടവിൽ കഴിയേണ്ടി വന്നിട്ടുണ്ട്. 1964-66 കാലത്ത് 17 മാസം വിയ്യൂർ ജയിലിൽ കരുതൽ തടവുകാരനായും കഴിഞ്ഞു.

1977-ൽ പീരുമേട് നിയോജകമണ്ഡലത്തിൽ നിന്നും സി.പി.ഐ. ടിക്കറ്റിൽ മത്സരിച്ച ശ്രീ. കുര്യൻ ആദ്യമായി അഞ്ചാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1980-82-ൽ ആറാം കേരള നിയമസഭയുടെ കാലത്തും അതേ നിയോജക മണ്ഡലം അദ്ദേഹം നിലനിർത്തി. 1996-ൽ പത്താം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതും പീരുമേട് നിയോജക മണ്ഡലത്തിൽ നിന്ന് തന്നെ.

1996 ജൂലൈ 17-ാം തീയതി ശ്രീ. സി.എ കുര്യൻ കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. 2001 മേയ് 16 വരെ ആ പദവിയിൽ തുടരുകയും ചെയ്തു.

ശ്രീ. സി. എ. കുര്യൻ ട്രേഡ് യൂണിയൻ മേഖലയ്ക്ക് അനവധി സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹം സമീപകാലം വരെ എ.ഐ.ടി.യു.സി. സംസ്ഥാന പ്രസിഡന്റും അഖിലേന്ത്യാ വൈസ് പ്രസിഡന്റും ടീ ബോർഡ് അംഗവും ആയിരുന്നു. ശ്രീ. സി. എ. കുര്യൻ ഇപ്പോൾ എ.ഐ.ടി.യു.സി. അഖിലേന്ത്യാ കൗൺസിലംഗവും പ്ലാന്റേഷൻ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റുമാണ്. കൂടാതെ സി.പി.ഐ. യുടെ സംസ്ഥാന എക്സിക്യൂട്ടീവ് അംഗവും ദേശീയ കൺട്രോൾ കമ്മീഷൻ അംഗവുമായി ശ്രീ. സി. എ. കുര്യൻ പ്രവർത്തിച്ചുവരുന്നു.

ശ്രീമതി തങ്കമ്മയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയുമുണ്ട്.